റയിൽവേ ഉദ്യോഗസ്ഥരോടും സംസ്ഥാന സർക്കാർ ആവശ്യപ്പെടുകയും ഇടർന്ന് 2015-16-ലെ സമ്പൂർണ്ണ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ട മറ്റ നിർദ്ദേശങ്ങൾകൂടി സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) കട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് അംഗീകാരം ലഭിച്ച പദ്ധതികൾക്ക് പ്രാഥമിക മൻഗണന നൽകിയും അവശേഷിക്കുന്ന പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന ഇടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കാവുന്നതാണ് എന്ന് 13-11-2014-ലെ കത്തിൽ കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

(സി) ഇല്ല.

ലഹരി വിമുക്ത കേരളം ഐശ്വര്യ കേരളം പദ്ധതി

85 (86) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിഷൻ 676-ൽ ഉൾപ്പെടുത്തി ലഹരി വിമുക്ത കേരളം, ഐശ്വര്യ കേരളം പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത മിഷൻ വഴി ഇതിനായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതി സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ-ഡി) ലഹരി വിമുക്ത കേരളം, ഐശ്വര്യ കേരളം പദ്ധതി സാക്ഷാത്കരിക്കുന്നതിനായി ലഹരിവിരുദ്ധ ബോധവൽക്കരണ സെമിനാറുകൾ, ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ, സ്റ്റാളുകൾ, ലഘുലേഖ വിതരണം, ഘോഷയാത്ര, കൂട്ടയോട്ടം, ഉപന്യാസ മത്സരം, പ്രസംഗ മത്സരം, ഡോക്യുമെന്ററി പ്രദർശനം, സ്കൂൾ-കോളേജുകളിൽ ലഹരിവിരുദ്ധ ബോധവൽക്കരണം, കോളനികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ, സ്കൂൾ-കോളേജ് തലത്തിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരണം, ആദിവാസി പിന്നോക്ക മേഖലകളിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേക പദ്ധതി പ്രകാരമുള്ള ബോധവൽക്കരണ പരിപാടികൾ, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലെ സി.സി.ടി.വി. വഴിയുള്ള ബോധവൽക്കരണം, റെയിൽവേ സ്റ്റേഷനുകളിലെ ബോധവൽക്കരണ അനൗൺസ്മെന്റ്, ദൃശ്യ-ശ്രവ്യ അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണം, കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ക്വിസ് മത്സരം, എക്സൈസ് ഉദ്യോഗസ്ഥർക്ക് ബോധവൽക്കരണ പരിശീലന ക്ലാസ്സുകൾ തുടങ്ങിയവയാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്നവ. ആയതിലേക്ക് നടപടി സ്വീകരിച്ചുവരുന്നു.

വഴിയരികിൽ പ്രവർത്തിക്കുന്ന മദ്യശാലകൾ

86 (87) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വഴിയരികിൽ പ്രവർത്തിക്കുന്ന മദ്യശാലകൾ അപകടങ്ങൾക്ക് കാരണമാകുന്നുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ പ്രവർത്തിക്കുന്ന എത്ര ബിവറേജസ് ഔട്ട് ലെറ്റുകളുണ്ട് ;

(സി) ഇവ മാറ്റി സ്ഥാപിക്കണമെന്നത് സംബന്ധിച്ച് ഹൈക്കോടതി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്ര ഔട്ട്ലെറ്റുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട് ;

(ഇ) ഇനി എത്ര ഔട്ട് ലെറ്റുകൾ മാറ്റി സ്ഥാപിക്കാനുണ്ടെന്ന് അറിയിക്കുമോ ;

(എഫ്) ഇത്തരത്തിലുള്ള എല്ലാ ഔട്ട്ലെറ്റുകളും എപ്പോൾ മാറ്റുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ദേശീയ പാതയോരത്ത് 61-ഉം സംസ്ഥാന പാതയോരത്ത് 55-ഉം വിദേശ മദ്യ ചില്ലറ വില്പനശാലകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്യുവാനാണ് ബഹുമാനപ്പെട്ട ഹൈക്കോടതി ഇപ്പോൾ നിർദ്ദേശിച്ചിട്ടുള്ളത്.

(ഡി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഷോപ്പുകൾ മാറ്റി സ്ഥാപിച്ചിട്ടില്ല. പ്രസ്തുത ഷോപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ

LIBRARY ARCHIVES Kerala Legislative Assembly